# ആയുഷ് നയം ഉടൻ: മന്ത്രി

കരുനാഗപ്പള്ളി • സർക്കാരിന്റെ ആയുഷ് നയം വൈകാതെ പ്രഖ്യാപിക്കുമെന്നു മന്ത്രി വി.എസ്. ശിവകുമാർ. അമൃത ആയുർവേദ കോളജിന്റെയും അമൃത ലൈഫിന്റെയും നേതൃത്വത്തിൽ ആയുർവേദ വിദ്യാർഥികൾക്കായി നടത്തുന്ന ദേശീയതല ശ്ലോകപാരായണ മൽസരത്തിന്റെയും ഹൃദയാമൃതം പരിപാടിയോടനുബന്ധിച്ചുള്ള സെമിനാറുകളുടെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു.



അമൃത ആയുർവേദ കോളജിന്റെയും അമൃത ലൈഫിന്റെയും നേതൃത്വത്തിൽ ആയുർവേദ ചികിത്സയുടെ മൗലിക സിദ്ധാന്തങ്ങളെ അടിസ്ഥാനമാക്കി നടത്തിയ സെമിനാർ മന്ത്രി വി.എസ്.ശിവകുമാർ ഉദ്ഘാടനം ചെയ്യുന്നു. സ്വാമി പൂർണാമൃതാനന്ദപുരി സമീപം.

ആയുഷ് വകുപ്പ് രൂപീകരിച്ചു കഴിഞ്ഞു. ആരോഗ്യവകുപ്പു തന്നെ ആയുഷ് വകുപ്പ് എന്നറിയപ്പെട്ടു തുടങ്ങി. ആയുഷ് വകുപ്പിനു പദ്ധതികൾ ആവിഷ്കരിക്കാൻ 450 കോടിയുടെ പദ്ധതികൾ കേന്ദ്രസർക്കാരിനു സമർപ്പിച്ചു കഴിഞ്ഞു. എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ഡിസ്പെൻസറികളുള്ള അപൂർവം സംസ്ഥാനങ്ങളിൽ ഒന്നാണു കേരളം. രണ്ടായിരത്തിലധികം വരുന്ന താളിയോലകളിലായി വ്യാപിച്ചുകിടക്കുന്ന ആയുർവേദ ചികിത്സാവിധികൾ ഡിജിറ്റലൈസ് ചെയ്യാനും പുസ്തകരൂപത്തിലാക്കുന്നതിനുമുള്ള നടപടികൾ നടക്കുന്നതായും വി.എസ്. ശിവകുമാർ പറഞ്ഞു. ആയുർവേദം ഉൾപ്പെടെ ആരോഗ്യ രംഗത്തു മാതാ അമൃതാനന്ദമയി മഠത്തിന്റെ സേവനം വളരെ വലുതാണെന്നു മന്ത്രി വി.എസ്. ശിവകുമാർ പറഞ്ഞു.

മാതാ അമൃതാനന്ദമയി മഠം ജനറൽ സെക്രട്ടറി സ്വാമി പൂർണാമൃതാനന്ദപുരി, കോയമ്പത്തൂർ അവിനാശിലിംഗം യൂണിവേഴ്സിറ്റി ചാൻസലർ പത്മശ്രീ ഡോ. പി.ആർ. കൃഷ്ണകുമാർ എന്നിവർ പ്രഭാഷണം നടത്തി.

ആയുർവേദ മെഡിക്കൽ എജ്യുക്കേഷൻ ഡയറക്ടർ ഡോ. ടി. ശിവദാസ്, ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ ഡയറക്ടർ ഡോ. അനിത ജേക്കബ്, ഡപ്യൂട്ടി ഡ്രഗ് (എഎസ്‌യു) കൺട്രോളർ ഡോ. എൻ. വിമല, അമൃത സ്കൂൾ ഓഫ് ആയുർവേദ മെഡിക്കൽ ഡയറക്ടർ ബ്രഹ്മചാരി ശങ്കര ചൈതന്യ, ഡോ. ശിവകരൻ നമ്പൂതിരി, അമൃത സ്കൂൾ ഓഫ് ആയുർവേദിക് പ്രിൻസിപ്പൽ ഡോ. എം.ആർ. വാസുദേവൻ നമ്പൂതിരി എന്നിവർ പ്രസംഗിച്ചു.

വിവിധ ആയുർവേദ വിഷയങ്ങളെ ആസ്പദമാക്കി നടന്ന സെമിനാറിൽ ഡോ. എം.ആർ. വാസുദേവൻ നമ്പൂതിരി, ഡോ. എസ്. ഗോപകുമാർ, ഡോ. രാഘവേന്ദ്ര ഉദുപ്പാ, ഡോ. സാവിത്രി എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.